بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ
In the name of Allah the Most Gracious the Ever Merciful

Press Desk
Ahmadiyya Muslim Jamaat
INTERNATIONAL
(INDIA)

A Registered Religious and Charitable Society in India under the Societies Registration Act XXI 1860

**PRESS RELEASE**

Dated : 29th April 2015

# ആഹാരം മനുഷ്യന്റെ പ്രാഥിമിക ആവശ്യമാണ്, കൃഷി കൂടാതെഉത്പാദിപ്പിക്കപ്പെടുന്നതല്ല: ആഗോള അഹമദിയ്യാ ഖലീഫ

ഏതൊരു രാജ്യത്തിന്റേയും അഭിവൃദ്ധി വ്യാവസായികവും വാണിജ്യ പരവുമായ പുരോഗതിയിൽ അധിഷ്ഠിതമാണ്. ഇന്ത്യാ മഹാരാജ്യത്തിന്റെ പകുതിയിലേറേ യും ഗ്രാമീണ മേഖലയാണ്. ഇവരുടെ ജീവിതായോധനം കൃഷിയിൽ അധിഷ്ഠി തവുമാണ്. നമ്മുടെ ഇന്ത്യാ മഹാരാജ്യതിന്റേത് വളരെ വളക്കൂറുള്ള ഭൂമിയാണ്, മാത്രമല്ല കാലാവസ്ഥയും എല്ലാത്തരം കൃഷിക്കും അനിയോജ്യവുമാണ്. പക്ഷേ കൃഷിപ്പണിക്ക് വേണ്ടത്ര പ്രാധാന്യം നൽകപ്പെടാത്തതുകൊണ്ട് കൃഷിക്കാർ കൃ ഷി ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നതാണ് കണ്ടു വരുന്നത്. അതിന്റെ ദുരന്ത ഫലം ഭക്ഷ്യക്ഷാമവും വിലക്കയറ്റവുമായിരിക്കും.

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോള ഇമാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് 2008 ൽ ഭാരത പര്യടന വേളയിൽ ഇന്ത്യൻ പത്ര പ്രതിനിധികൾക്ക് അനുവദിച്ച കൂടിക്കഴ്ചയിൽ ഇക്കാര്യത്തിലേക്ക് ശ്രദ്ധക്ഷണി ച്ചു കൊണ്ട് പറഞ്ഞു:

“ ഇപ്പോൾ നഗരങ്ങളും പട്ടണങ്ങളുമാണ് ശ്രദ്ധിക്കപ്പെടുന്നത്, അതായത് ജന ങ്ങൾ ഗ്രാമങ്ങളെ ഉപേക്ഷിച്ചു കൊണ്ട് നഗരങ്ങളിൽ ജനപെരുപ്പം ഉണ്ടാക്കു കയാണ്. അതു തന്നെയാണ് തൊഴിലില്ലായ്മക്കുള്ള ഏറ്റവും വലിയ കാരണമാ യി തീരുന്നതും. കാരണം ഉദ്യോഗത്തെ അപേക്ഷിച്ച് ഉദ്യോഗാർഥികളുടെ എണ്ണ ത്തിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് കൃഷിയെ പ്രോത്സാ ഹിപ്പിക്കാൻ ഭരണകൂടങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.”

ശ്രദ്ധേയമായ സംഗതി, അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോള ഇമാം കൃഷിശാസ്ത്രജ്ഞനാണ്. ഘാനയിൽ ഇതാദ്യമായി കോതമ്പ് ഉദ്പ്പാദിപ്പിച്ചത് അദ്ദേഹമാണ്.

കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

എപ്പോഴും മനുഷ്യന്റെ പ്രഥമ പരിഗണന ഭക്ഷണത്തിന്നായിരുന്നു. രണ്ടാമത്തേത് ഉടുക്കാനുള്ള തുണിക്കും മൂന്നാമത്തെ പരിഗണന കിടക്കാനുള്ള പാർപ്പിടത്തി നും. ഞാൻ പറഞ്ഞു വന്നതു പോലെ ആദ്യ പരിഗണന ഭക്ഷണമാണ്. കൃഷി കൂടാതെ ആഹാരം ഉത്പാദിപ്പിക്കപ്പെടുന്നതല്ല. നമ്മുടെ ഉപഭൂഖണ്ഡത്തിന്റെ അന്തരീക്ഷം എല്ലാത്തരം കൃഷിക്കും അനുഗുണമാണ്. ഇന്ത്യയിൽ ഇക്കാര്യത്തി ൽ അൽപമെങ്കിലും ചുവടുവെക്കുന്നുണ്ട്...... നാം നമ്മുടെ പ്രകൃതിദത്ത വിഭവ ങ്ങൾ ഉപയോഗിക്കാതെ നഷ്ടപ്പെടുത്തുകയാണ്. നമ്മുടെ പക്കൽ എല്ലാത്തരം ശാസ്ത്രജ്ഞരും ഉണ്ട്, Genetic Scientist, Horticulturist മുതലായവർ. ഇതൊ ക്കെയായിട്ടും താഴ്ന്നപടിയിൽ വ്യക്തിഗതമായി കർഷകരെ പിന്തുണയാണ് ഇല്ലാ ത്തത്.''

ഇന്ത്യൻ കർഷകരുടെ ദയനീയ സ്ഥിതി ആരിൽ നിന്നും ഗോപ്യമല്ല. ഓരോ ദിവ സവും മനസ്സിനെ പിടിച്ചുലക്കുന്ന സംഭവങ്ങളാണ് അരങ്ങേറുന്നത്. ഇന്ത്യയിലെ എല്ലാ വിഭാഗങ്ങളും സംഘടനകളും രാഷ്ട്രീയ നേട്ടങ്ങളെ മറന്നുകൊണ്ട് കർഷ കരുടെ നന്മക്കും പുരോഗതിക്കും ഒന്നിച്ചു നിൽക്കുകയും പ്രതീക്ഷ അസ്തമിച്ച കർഷകർക്കുള്ളിൽ നവജീവൻ സന്നിവേശിപ്പിക്കാൻ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുകയും വേണം. അവരെ വിലമതിക്കുകയും അവരെ സഹായിക്കാൻ എല്ലാ നിലക്കും ശ്രമിക്കുകയും വേണ്ടതാണ്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സഹാനുഭൂതിയുടെ ഈ അദ്ധ്യാപനം നൽകു ന്നത് രാജ്യപുരോഗതിയിൽ ഭാഗഭാക്കാകേണ്ടത് തങ്ങളുടെ വിശ്വാസത്തിന്റെ ഭാഗ മായി മനസ്സിലാക്കുന്നത് കൊണ്ടാണ്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ **ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി അലയ്ഹിസ്സലാം** സഹാനുഭൂതിയുടെ അദ്ധ്യാപനം നൽകിക്കൊണ്ട് പറയുന്നു:

''പൊതുവായ സഹാനുഭൂതുയുടെ അദ്ധ്യാപനമില്ലാത്ത മതം, മതമല്ല. സഹാനുഭൂ തിയുടെ ആത്മാവില്ലാത്തവൻ മനുഷ്യനുമല്ല.''

''ഞാൻ മനുഷ്യകുലത്തോട് വാത്സല്യനിധിയായ മാതാവിനെപ്പോലെ, അല്ല അതി ലുമധികം സ്നേഹമുള്ളവനാണ്.''

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ മേൽ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ എല്ലാ ഇന്ത്യക്കാരോടും മത,രാഷ്ട്രീയ,സങ്കുചിത ചിന്തകൾക്കതീതമായി സ്വ രാജ്യത്തിന്റെ സേവനത്തിന്നും പുരോഗതിക്കും വേണ്ടി മുന്നോട്ടുവരാൻ ഞങ്ങൾ ഹൃദയാത്മനാ അഭ്യർഥിക്കുന്നു.

**END RELEASE**

For further details please contact:
Incharge Press & Media, Ahmadiyya Muslim Jama'at India,
Qadian-143516, Distt.Gurdaspur, Punjab, India.
Mobile: +91-99887 57988, Email: pressamjindia@gmail.com,
Tel: +91-1872-500311, Fax: +91-1872-500178
Noorul Islam Toll Free Number: 1800-3010-2131